(ഇ) ചർച്ചകളിലൂടെ ധാരണകൾക്ക് അന്തിമ രൂപം കൈവന്നതിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

നീരാർ നദീതടത്തിലെ ജലലഭ്യത

69 [787] ശ്രീ. എൻ ഡി അപ്പച്ചൻ:
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുമ്പോൾ നീരാർ നദീതടത്തിൽ നിന്നും എത്രജലം എത്രകാലം തമിഴ്നാടിന് കൊടുക്കാമെന്നാണ് വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) ആനമലയാറിൽനിന്നും എത്ര ജലം തമിഴ്നാടിന് കൊടുക്കണം;

(സി) നീരാറിൽനിന്നും ആനമലയാറിൽനിന്നും കൊടുക്കാനുദ്ദേശിക്കുന്ന അത്രയും ജലം പ്രസ്തുത നദികളിലുണ്ടെന്നതിന് തെളിവെന്താണ്;

(ഡി) ജലം നൽകുന്നതിന് പകരമായി കേരളത്തിനെന്തു കിട്ടും;

(ഇ) പാലക്കാട് ജില്ലയിലെ വരൾച്ച പരിഹരിക്കുവാനുള്ള ജലം തമിഴ്നാട് തരുമെന്നുറപ്പാക്കിയോ; എങ്കിൽ ഏതു വിധത്തിൽ;

(എഫ്) ജലം തരാത്തപക്ഷം അതിനുപരിഹാരമായി കരാറിൽ എന്തു വ്യവസ്ഥയാണ് ചേർക്കുന്നത്;

(ജി) ഇപ്പോൾ ധാരണയായിട്ടുള്ള കാര്യങ്ങൾ തമിഴ്നാടിനാണോ കേരളത്തിനാണോ കൂടുതൽ അനുകൂലമായിട്ടുള്ളതെന്നും എപ്രകാരമാണ് അനുകൂലമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ പുനരവലോകനത്തിന് വ്യവസ്ഥയുണ്ട്. പുനരവലോകന ചർച്ചയിൽ ഇക്കാര്യത്തിൽ വ്യക്തമായ ധാരണ ആയിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ഇടമലയാർ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം, ആനമലയാറിൽനിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിലേക്ക് തമിഴ്നാടിന് തിരിച്ചുവിടാൻവേണ്ടി ലഭ്യമാക്കേണ്ടതാണ്.

(സി) കരാറിലേർപ്പെട്ട സമയത്ത് ലഭ്യമായിരുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ജലത്തിന്റെ അളവുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന് പകരമായി പ്രത്യേകം എന്തെങ്കിലും നൽകാൻ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

(ഇ) ജനുവരി 4-ാം തീയതി കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല ചർച്ചയിൽ കേരളം ഇക്കാര്യം ഉന്നയിക്കുകയും വെള്ളം കൃഷിക്ക് ആവശ്യമുള്ളപ്പോൾ വിട്ടുതരാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജലം മുഴുവൻ തരാത്ത വർഷങ്ങളിൽ ഉണ്ടാകുന്ന കമ്മി (back log) അടുത്ത വർഷത്തിലെ കണക്കിൽ ഉൾപ്പെടുത്തി ആ അളവ് ജലം നൽകിപ്പോരുകയാണ് ചെയ്തുവരുന്നത്. പ്രത്യേകമായി പരിഹാരത്തിനുള്ള വ്യവസ്ഥകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. കരാറിൽ തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആർബിട്രേഷന് വ്യവസ്ഥയുണ്ട്.

(ജി) ധാരണകൾക്ക് അന്തിമരൂപം കൈവന്നിട്ടില്ല.

കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം

70 [788] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പ്രമുഖ സ്ഥാനമുള്ള കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2001-ൽ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിനായി ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചുകൊണ്ട് 22-2-2001-ൽ അന്നത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആയതിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കാതിരുന്നതിനാൽ ധനസഹായം നൽകാൻ സാധിച്ചില്ല.

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) 2003-04 ബഡ്ജറ്റിൽ ഇതിനായി തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ധനസഹായം ലഭ്യമാക്കാൻ കഴിയുകയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർനിയമനം നൽകപ്പെട്ട ഉദ്യോഗസ്ഥർ

71 [789] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly